ഹയർ സെക്കൻഡറി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

No.Acd/Spc(3)/68424/2017/HSE                    തീയതി: 06/04/2017

## സർക്കുലർ

വിഷയം:- ഹ.സെ.വി.- പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയും അദ്ധ്യാപക പരിശീലനവും - ഹയർ സെക്കൻഡറി അദ്ധ്യാപക പരിശീലന മൊഡ്യൂളിന്റെ അന്തിമ രൂപം നൽകുന്നതിനും ഇ-കണ്ടന്റ് നിർമ്മാണത്തിനും ശില്പശാല നടത്തുന്നത് സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(സാധാ) നം.3732/16 പൊതുവിദ്യാഭ്യാസവകുപ്പ് തീയതി 07.11.2016
2. ഐടി@സ്കൂൾ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.03.2017 ലെ ITS/2017/1234(9) നമ്പർ കത്ത്.
3. ഐടി@സ്കൂൾ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.04.2017 ലെ ITS/2017/1541(1) നമ്പർ കത്ത്.

ഹയർ സെക്കൻഡറി തലത്തിൽ വിവിധ വിഷയങ്ങൾ ഐസിടി അധിഷ്ഠിതമായി വിനിമയം ചെയ്യുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനും ഐസിടി അധിഷ്ഠിത ഉള്ളടക്കങ്ങൾ ഇ-കണ്ടന്റ് പോർട്ടലിൽ സജ്ജീകരിക്കുന്നതിനുമായി സൂചന (2) പ്രകാരം ശില്പശാല നടത്തിയിട്ടുണ്ട്. പരിശീലന മൊഡ്യൂളിന്റെ അന്തിമ രൂപവും ഇ-കണ്ടന്റ് വിഭവങ്ങളും സജ്ജമാക്കുന്നതിനായി **2017 ഏപ്രിൽ 9 മുതൽ 12 വരെ** ഐ.ടി.@സ്കൂളിന്റെ എറണാകുളം ഇടപ്പള്ളിയിൽ സ്ഥിതിചെയ്യുന്ന റീജിയണൽ റിസർച്ച് സെന്ററിൽ നടക്കുന്ന ശില്പശാലയിൽ പങ്കെടുക്കേണ്ട അദ്ധ്യാപകരുടെ പട്ടിക ചുവടെ ചേർക്കുന്നു.

പ്രസ്തുത ശില്പശാലയിൽ പങ്കെടുക്കുന്നതിന് അധ്യാപകർ രാവിലെ 9.30 ന് എത്തിച്ചേരേണ്ടതാണ്. പങ്കെടുക്കുന്നവർക്ക് ഭക്ഷണവും താമസസൗകര്യവും KSR പ്രകാരം അനുവദനീയമായ TA/DA യും ഹോണറേറിയവും ലഭിക്കുന്നതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**

ഉള്ളടക്കം :-

ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ പട്ടിക